(ബി) നികുതി കുടിശ്ശികകൾ പിരിക്കുന്നതുൾപ്പെടെയുള്ള വിഭവ സമാഹരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി രൂപീകരിക്കപ്പെട്ട കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ കമ്മിറ്റിയുടെ പ്രാഥമിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിലെ ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) മുൻ സാമ്പത്തിക വർഷത്തെ സമാന കാലയളവിലെ കണക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ നടപ്പ് സാമ്പത്തിക വർഷം ഇതുവരെ ലഭിച്ച മൊത്തം റവന്യൂ വരുമാനത്തിൽ കുറവ് വന്നിട്ടില്ല. എന്നാൽ രാജ്യത്താകമാനം നിലനിൽക്കുന്ന സാമ്പത്തിക മാദ്യത്തിന്റെ ഫലമായി സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ വളർച്ചാ നിരക്കിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) 2013-14-ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ച റവന്യൂകമ്മി 6208.35 കോടി രൂപയായിരുന്നു. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം പ്രസ്തുത വർഷത്തെ റവന്യൂ കമ്മി 10298.31 കോടി രൂപയാണ്.

പെട്രോളിയം ഉൽപ്പന്നങ്ങളുടെ സംസ്ഥാന നികുതി

128 (7964) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിനും ഡീസലിനും പാചകവാതകത്തിനും ഇപ്പോൾ സംസ്ഥാന സർക്കാർ എത്ര ശതമാനമാണ് നികുതി ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കേന്ദ്ര സർക്കാർ, പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ച സാഹചര്യത്തിൽ നികുതി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാവശ്യം പെട്രോളിയം ഉല്പന്നങ്ങളുടെ നികുതി നിരക്ക് കൂറച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) എത്ര രൂപയുടെ കുറവാണ് ഇതുമൂലം നികുതി ഇനത്തിൽ ഉണ്ടായത് ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) പെട്രോളിന് 26.21 ശതമാനവും ഡീസലിന് 19.8 ശതമാനവുമാണ് നിലവിലുള്ള നികുതി നിരക്ക്. ഗാർഹിക ഉപയോഗത്തിനുള്ള പാചകവാതകത്തിന് 5 ശതമാനവും അല്ലാത്തവയ്ക്ക് 14.5 ശതമാനവുമാണ് നിലവിലുള്ള നികുതി നിരക്ക്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോൾ, ഡീസൽ എന്നിവയുടെ അടിസ്ഥാന വിലയിൽ വർദ്ധനവ് ഉണ്ടായപ്പോൾ ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനായി വർദ്ധനവിന് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി സംരക്ഷിച്ചുകൊണ്ട് അനേകം തവണ നികുതി നിരക്ക് കുറച്ച് പുനഃക്രമീകരിച്ചിട്ടുണ്ട്. അടിസ്ഥാന വിലയിൽ മാസംതോറും നാമമാത്രമായ വർദ്ധനവ്/കുറവ് വരുത്തിയിട്ടുള്ള അവസരത്തിലെല്ലാം നികുതിനിരക്ക് കുറച്ച്/കൂട്ടി പുനഃക്രമീകരിക്കുക എന്നത് നികുതിഭരണത്തെ സംബന്ധിച്ചിടത്തോളം പ്രായോഗികമല്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോളിന്റെ നികുതിനിരക്ക് 4 പ്രാവശ്യവും ഡീസലിന്റേത് 2 പ്രാവശ്യവും കുറച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോളിന്റെ അടിസ്ഥാന വില വർദ്ധിച്ചപ്പോൾ വിലവർദ്ധനവുമൂലമുണ്ടാകുന്ന അധികവരുമാനം 4 പ്രാവശ്യം വേണ്ടെന്ന് വച്ചുകൊണ്ട് നികുതിനിരക്ക് കുറയ്ക്കുകയുണ്ടായി. 14-5-2011-ന് അടിസ്ഥാനവിലയിൽ 5 രൂപ കൂട്ടിയപ്പോൾ സർക്കാരിന് ഒരു മാസം കിട്ടാവുന്ന അധിക റവന്യൂവരുമാനമായ 11 കോടി രൂപയും (പ്രതിവർഷം 132 കോടി), 16-9-2011-ന് അടിസ്ഥാനവിലയിൽ 3.14 രൂപ കൂട്ടിയപ്പോൾ ഒരു മാസം കിട്ടാവുന്ന അധിക വരുമാനമായ 9.08 കോടി രൂപയും (പ്രതിവർഷം 108.96 കോടി), 3-11-2011-ന് 1.82 രൂപ കൂട്ടിയപ്പോൾ പ്രതിമാസം ലഭിക്കാവുന്ന 5.10 കോടി രൂപയും (പ്രതിവർഷം 61.2 കോടി), 24-5-2012-ന് 6.28 രൂപ കൂട്ടിയപ്പോൾ പ്രതിമാസം ലഭിക്കാവുന്ന 22.48 കോടി രൂപയും (പ്രതിവർഷം 269.76 കോടി) ഇപ്രകാരം വേണ്ടെന്ന് വച്ചു. ഡീസലിന്റെ അടിസ്ഥാനവിലയിൽ വർദ്ധനവ് നടന്നപ്പോൾ വിലവർദ്ധനവു മൂലമുണ്ടാകുന്ന അധികനികുതി വരുമാനം രണ്ട് പ്രാവശ്യം നികുതിനിരക്ക് കുറച്ചുകൊണ്ട് വേണ്ടെന്ന് വയ്ക്കുകയുണ്ടായി. 25-6-2011-ന് ഡീസലിന്റെ അടിസ്ഥാനവിലയിൽ 3 രൂപ കൂട്ടിയപ്പോൾ സർക്കാരിന് പ്രതിമാസം കിട്ടാവുന്ന 13.07 കോടി രൂപയും (പ്രതിവർഷം 156.84 കോടി), 14-9-2012-ന് 5 രൂപ കൂട്ടിയപ്പോൾ പ്രതിമാസം ലഭിക്കുമായിരുന്ന 19.95 കോടി രൂപയും (പ്രതിവർഷം 239.4 കോടി) ഇപ്രകാരം വേണ്ടെന്ന് വച്ചു.

LIBRARY ARCHIVES Kerala Legislative Assembly